## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5145** | **02.07.2013-ൽ മറുപടിയ്ക്ക്**

### വൈദ്യുത ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വിവിധ സബ് സ്റ്റേഷനുകളിൽ വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പു വരുത്തുന്നതിന് ബോർഡിന്റെ സാങ്കേതിക വിഭാഗങ്ങളായ റിലേ, 'പെറ്റ്' (പവർ എക്യൂപ് മെന്റ് ടെസ്റ്റിംഗ്) എന്നീ യൂണിറ്റുകളും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ മൂന്ന് വർഷ ത്തിനുള്ളിൽ നടത്തിയ പരിശോധനാ നിർദ്ദേശങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | സബ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോർമറുകൾ സർക്യൂട്ട് ബ്രേക്കറുകൾ അനുബന്ധ സാമഗ്രികൾ എന്നിവയുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിൽ വീഴ്ചകളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | സബ് സ്റ്റേഷൻ കത്തിയതും, ട്രാൻസ്ഫോർമറുകൾ പൊട്ടിത്തെറിക്കുന്നതും യഥാസമയം ഇത്തരം പരിശോധനാ നിർദ്ദേശ ങ്ങൾ അവഗണിക്കുന്നതു കൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ഡി) | ഇല്ല. പരിശോധനാ നിർദ്ദേശ ങ്ങൾ അവഗണിക്കാറില്ല. |
| (ഇ) | യഥാസമയം പരിശോധനകൾ നടത്തി ആവശ്യമായ അറ്റകുറ്റ പ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.